# എൽ.എസ്.എസ്. പരിശീലന പരിപാടി 2016 – 2017

## കൊപ്പം ഗ്രാമപഞ്ചായത്ത്

1) 40 എന്നത് റോമൻ അക്കത്തിൽ എഴുതിയാൽ
A) XXXX  B) XL  C) IVX  D) IVL

2) ഒരേ സ്ഥലത്ത് നിന്ന് പുറപ്പെട്ട 3 ബസ്സുകൾ 3, 6, 9 കിലോമീറ്ററുകൾ ഇടവിട്ട് നിർത്തുന്നു. മൂന്നു ബസ്സുകളും നിർത്തുന്ന ആദ്യ സ്റ്റോപ്പ് പുറപ്പെട്ട സ്ഥലത്തുനിന്ന് എത്ര കിലോമീറ്റർ അകലെ ആയിരിക്കും?
A) 36കി.മി  B) 12കി.മി  C) 27കി.മി  D) 18കി.മി

3) നീളമുള്ള 1 കമ്പി വളച്ച് വശങ്ങൾ തുല്യമായി നിർമ്മിച്ച 1 ത്രികോണത്തിന്റെ വശങ്ങൾക്ക് 8സെ.മി വീതം നീളമുണ്ട്. ഇതേ കമ്പി ഉപയോഗിച്ച് നിർമ്മിക്കുന്ന ഒരു സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എത്ര?
A) 24സെ.മി  B) 8സെ.മി  C) 6സെ.മി  D) 12സെ.മി

4) രാവിലെ 6 മണിക്ക് തിരുവനന്തപുരത്ത് നിന്ന് പുറപ്പെട്ട തീവണ്ടി വൈകുന്നേരം 7 മണിക്ക് മംഗലാപുരത്ത് എത്തി. ട്രെയിൻ മംഗലാപുരത്ത് എത്തിയ സമയം 24 മണിക്കൂർ ക്ലോക്കിൽ പറയാമോ?
A) 7 മണി  B) 13 മണി  C) 19 മണി  D) 18 മണി

5) ഒരു കുപ്പിയിൽ നിറയെ വെള്ളമുള്ളപ്പോൾ അതിന്റെ തൂക്കം 175g ആയിരുന്നു. അതിൽ നിന്ന് 1/4 ഭാഗം വെള്ളം ഒഴിച്ചു കഴിഞ്ഞപ്പോൾ തൂക്കം 155g ആയി. എന്നാൽ കുപ്പിയുടെ തൂക്കം എത്ര?
(95g, 115g, 20g, 135g)

6) 10, 15, 22, 31, 42 .................... അടുത്ത സംഖ്യ ഏത്?
(53, 63, 55, 57)

7) അഞ്ചക്കമുള്ള ഏറ്റവും ചെറിയ ഒറ്റസംഖ്യ 4 അക്കമുള്ള ഏറ്റവും വലിയ ഇരട്ട സംഖ്യയേക്കാൾ എത്ര കൂടുതൽ?
(1, 2, 3, 4)

8) 666-ൽ വലത്തേ അറ്റത്തെ 6ന്റെ എത്ര മടങ്ങാണ് ഇടത്തെ അറ്റത്തെ ആറ് ?
(2, 10, 100, 1000)

9) ഒരു സംഖ്യയെ 4 കൊണ്ട് ഗുണിച്ചു കിട്ടിയ ഉത്തരത്തെ 2 കൊണ്ട് ഹരിച്ചപ്പോൾ 6 കിട്ടി സംഖ്യ എത്ര??
(12, 8, 3, 2)

10) ഒരു ക്യൂവിൽ കുറെപേർ നിൽക്കുന്നു. രണ്ടു ഭാഗത്തുനിന്നും എണ്ണിയപ്പോഴും ഗായത്രി പതിനെട്ടാമത്തെ ആളാണ്. ക്യൂവിൽ ആകെ എത്ര പേരുണ്ട്??
(34, 35, 36, 37)

11) 40 മീറ്റർ നീളമുള്ള ഒരു തോടിന്റെ 2 വശവും ചെങ്കല്ല് ഉപയോഗിച്ച് കെട്ടാൻ തീരുമാനിച്ചു. 1മീറ്റർ നീളം കെട്ടാൻ 25 കല്ലുകൾ വേണം. ആകെ എത്ര കല്ലുകൾ വേണ്ടിവരും? 1 ലോറിയിൽ ഒരു പ്രാവശ്യം 200 കല്ലുകൾ കൊണ്ടുവരാൻ കഴിയും. എത്ര ലോഡ് കല്ല് വേണ്ടി വരും. 1 ലോഡ് കല്ലിന് 2500 രൂപയാണ് വില. കല്ലിന്റെ വിലയായി എത്ര രൂപ ചിലവാകും?

12) രാജു കാലത്ത് ~~35 മിനിറ്റ്~~ 6.30ന് വീട്ടിൽ നിന്ന് പുറപ്പെട്ട് 35 മിനിറ്റ് ബൈക്കിൽ സഞ്ചരിച്ചു. തുടർന്നു 20 മിനിറ്റ് ബസ്സിലും, 1 മണിക്കൂർ 10 മിനിറ്റ് തീവണ്ടിയിലും യാത്ര ചെയ്ത് തൃശ്ശൂരിൽ എത്തി യാത്ര ചെയ്യാൻ എത്ര സമയം എടുത്തു? തൃശ്ശൂരിൽ എത്തിയ സമയം എത്ര?

13) 1 ലിറ്റർ ഡീസലിന് 60 രൂപയാണ് വില. 1320 രൂപ ഉപയോഗിച്ച് ഓരോവാഹനത്തിനും എത്ര കിലോമീറ്റർ ദൂരം സഞ്ചരിക്കാൻ കഴിയും.

| വാഹനം | 1 ലിറ്റർ ഡീസൽ കൊണ്ട് സഞ്ചരിക്കുന്ന ദൂരം |
|---|---|
| ബസ് | 6 കി.മി |
| കാർ | 18 കി.മി |
| ഓട്ടോ | 30 കി.മി |

14) മാളൂർ G.L.P സ്കൂളിൽ പച്ചക്കറി കൃഷിക്കായി നീക്കിവെച്ച ചതുരാകൃതിയിലുള്ള ഒരു സ്ഥലമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ഈ സ്ഥലത്തിന് 24m നീളവും 22m വീതിയുമുണ്ട്. ഇതിനകത്ത് ചതുരാകൃതിയിൽ പയർ, പാവയ്ക്ക, വെണ്ടയ്ക്ക, ചീര, വഴുതിനങ്ങ എന്നിവ കൃഷി ചെയ്യുന്നതിനുള്ള സ്ഥലം വേർതിരിച്ചിരിക്കുന്നു.




Scanned by CamScanner

I) കൃഷി സ്ഥലത്തിന്റെ ആകെ ചുറ്റളവെത്ര? [ ]

II) വഴുതിന കൃഷിസ്ഥലത്തിന്റെ ചുറ്റളവ് 42മീറ്ററാണ് എന്നാൽ ചീരകൃഷി ചെയ്യാൻ മാറ്റി വെച്ച് സ്ഥലത്തിന്റെ ചുറ്റളവ് എത്രയാണ്? [ ]

15) **ബാങ്കിലേക്ക്**

നോട്ട് അസാധുവാക്കിയതിന്റെ ഭാഗമായി മീനാക്ഷി തന്റെ കയ്യിലുള്ളപഴയ 500ന്റെയും 1000ത്തിന്റെയും നോട്ടുകൾ ബാങ്കിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. 12.11.2016 ന് 2500 രൂപയും 21.11.2016ന് 1500 രൂപയും 28.11.2016ന് 2000 രൂപയും നിക്ഷേപിച്ചു. 15.11.2016ന് 750 രൂപയും 21.112016ന് 1800 രൂപയും 30.11.2016ന് 2250 രൂപയും പിൻവലിച്ചു. ഈ വിവരങ്ങൾ പാസ്ബുക്കിൽ ചേർക്കുക.

| തിയ്യതി | അടച്ച തുക | പിൻവലിച്ച തുക | ബാക്കി | ഒപ്പ് |
|---|---|---|---|---|
| 1.11.2016 | - | 1200 | 1250 | |
| 5.11.2016 | 2000 | - | 3250 | |
| | | | | |

I) 2016 നവംബർ മാസത്തിൽ ആകെ എത്ര രൂപയാണ് മീനാക്ഷി ബാങ്കിൽ നിക്ഷേപിച്ചത്? [ ]

II) നവംബർ മാസത്തിൽ ആകെ എത്ര രൂപ പിൻവലിച്ചിട്ടുണ്ടാകും? [ ]

III) നവംബർ മാസം കഴിയുമ്പോൾ മീനാക്ഷിയുടെ അക്കൗണ്ടിൽ എത്ര രൂപയാണുണ്ടാവുക? [ ]

16) കണ്ണാടി പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം ജോലി ചെയ്ത തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്.

| പേര് | ജോലി ചെയ്ത ദിവസങ്ങൾ |
|---|---|
| ഗംഗ | 3.1.2017 മുതൽ 17.1.2017 |
| യമുന | 9.1.2017 മുതൽ 27.1.2017 |
| കൃഷ്ണ | 9.1.2017 മുതൽ 30.1.2017 |
| കാവേരി | 16.1.2017 മുതൽ 7.2.2017 |

തൊഴിലുറപ്പു പദ്ധതിയിൽ ഒരാൾക്ക് ഒരു ദിവസം 220 രൂപയാണ് കൂലി. മാത്രമല്ല പൊതു അവധികളിലൊന്നും ജോലി ഉണ്ടായിരിക്കുകയില്ല.

I) ഇതു പ്രകാരം ആരാണ് കൂടുതൽ ദിവസം ജോലി ചെയ്തത്? [ ]

II) ഏറ്റവും കുറച്ചു ദിവസം പണിയെടുത്തവർക്കോ? [ ]

III) നാലുപേർക്കും കൂടി ഗവൺമെന്റ് ആകെ എത്ര രൂപ കൂലിയായി നൽകേണ്ടി വരും? [ ]

17) തീവണ്ടി സമയം

| തീവണ്ടിയുടെ പേര് | തിരുവന്തപുരം | കാസർകോഡ് |
|---|---|---|
| പരശുറാം എക്സ്പ്രസ് | 6:35 | 19:25 |
| മലബാർ എക്സ്പ്രസ് | 18:30 | 8:40 |
| മാവേലി എക്സ്പ്രസ് | 19:25 | 7:35 |
| മംഗലാപുരം എക്സ്പ്രസ് | 20:45 | 10:00 |

വിവധ ട്രെയിനുകൾ തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്നതും കാസർകോഡ് എത്തുന്നതുമായ സമയങ്ങളാണ് മുകളിലെ പട്ടികയിൽ നൽകിയിരിക്കുന്നത്.

I) ഇവയിൽ കുറഞ്ഞ സമയം കൊണ്ട് തിരുവനന്തപുരത്തു നിന്ന് കാസർകോഡ് എത്തുന്ന തീവണ്ടി ഏതാണ്? [ ]

II) പരശുറാം എക്സ്പ്രസിലാണ് യാത്ര ചെയ്യുന്നതെങ്കിൽ എത്ര സമയം എടുക്കും? [ ]

III) ഏറ്റവും കൂടുതൽ സമയം യാത്രക്കായി എടുക്കുന്ന തീവണ്ടി ഏതാണ്? [ ]

18) അമ്പാടി കെ.എം.യു.പി. സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങാൻ പഞ്ചായത്തിൽ നിന്നും 30000 രൂപ അനുവദിച്ചു ഇതുപയോഗിച്ച് 785 രൂപ വീതം വിലയുള്ള 18 ബെഞ്ചുകളും 940 രൂപാവീതം വിലയുള്ള 13 ഡെസ്ക്കുകളും 1375 രൂപാവീതം വിലയുള്ള 2 കമ്പ്യൂട്ടർ ടേബിളുകളും വാങ്ങി. ബാക്കി വന്ന രൂപക്ക് 6 സ്റ്റൂളുകളും വാങ്ങി.

I) ബെഞ്ചിനും ഡെസ്ക്കിനും കൂടി ആകെ എത്ര രൂപയായി ? [ ]

II) ഒരു സ്റ്റൂളിന്റെ വില എന്ത്? [ ]

Scanned by CamScanner